**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് നമ്പികുളം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ നമ്പികുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ ഏകദേശം 5 കിലോമീറ്ററോളം ഓഫ് റോഡ് സൗകര്യം ഉള്ള ടൂറിസം കേന്ദ്രമാണ് നമ്പികുളം എക്കോ ടൂറിസം കേന്ദ്രം. നമ്പികുളം ടൂറിസം കേന്ദ്രത്തിലെ ഒന്നാം ഘട്ട പ്രവൃത്തികൾ ആരംഭിക്കുമ്പോൾ ടി ഓഫ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഒന്നും ആരംഭിച്ചിരുന്നില്ല.എന്നാൽ നിലവിൽ റോഡിന്റെ നല്ലൊരു ഭാഗം കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. റോഡിന്റെ മറ്റൊരു സ്ട്രെച്ചിൽ കൂടി കോൺക്രീറ്റ് പ്രവൃത്തികൾ നടന്നതിനാൽ ഏകദേശം 3 മാസത്തോളം നമ്പികുളത്തെ രണ്ടാം ഘട്ട ടൂറിസം നിർമ്മാണ പ്രവൃത്തികൾ തടസപ്പെട്ടു. പ്രദേശത്തെ പ്രതികൂല കാലാവസ്ഥയും നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് കാരണമായി.നിലവിൽ തടസങ്ങൾ നീങ്ങിയതിനാൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നമ്പികുളം എക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വാച്ച് ടവർ, നടപ്പാത, കഫറ്റേരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. രണ്ടാം ഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള റീട്ടെയിനിങ് വാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, പദ്ധതി പ്രദേശത്തേയ്ക്കുള്ള KSEB 3 Phase Connection, വാട്ടർ ലഭ്യതയ്ക്കായുള്ള പ്ലംബിങ് വർക്കുകൾ, ഫെൻസിങ് വർക്കുകൾ, ചിൽഡ്രൻസ് പ്ലേ എക്വിപ്മെൻറ്സ് എന്നിവയാണ് രണ്ടാം ഘട്ടത്തിൽ ഇനിയും നടപ്പിലാക്കാനുള്ള പ്രവൃത്തികൾ. 2025 ഡിസംബർ 31 നുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ